IX. ക്രമപ്രശ്നം

അനൗദ്യോഗികാംഗങ്ങളുടെ ബില്ലിൻമേലുള്ള ചർച്ചയ്ക്ക് ആവശ്യത്തിന് സമയം കിട്ടുന്നില്ലെന്നത് സംബന്ധിച്ച്

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഇന്ന് പ്രൈവറ്റ് മെമ്പേഴ്സിന്റെ ദിനമാണ്. മെമ്പർമാർക്ക് പ്രമേയങ്ങളും ബില്ലുകളും അവതരിപ്പിക്കാനുള്ള ദിവസം വെള്ളിയാഴ്ചയാണെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ബില്ലുകളും അവതരിപ്പിക്കുക എന്നത് നിയമസഭയുടെ മുമ്പാകെ ഒരു പ്രഹസനമാക്കിമാറ്റിയിരിക്കുകയാണ്. ഈ സമ്മേളനത്തിൽ മാത്രമല്ല, നേരത്തെയും ഏതാണ്ട് അതാണ് അവസ്ഥ. പക്ഷേ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ മോശമായ ഒരു നിലയിലാണ് ഇപ്പോൾ വന്നത്. നേരത്തെ എല്ലാ വെള്ളിയാഴ്ചയും ബില്ലുകൾ മെൻഷൻ ചെയ്യാനുള്ള അവസരം ഉണ്ടായിരുന്നു. പ്രമേയങ്ങൾ അവതരിപ്പിക്കാനും കഴിഞ്ഞിരുന്നു. ഞാൻ തന്നെ മുമ്പ് ഒരു ക്രമപ്രശ്നം ഉന്നയിച്ച് ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അന്നത്തെ സ്പീക്കർ ശ്രീമാൻ പി. പി. തങ്കച്ചൻ അതിൽ ചില മാറ്റങ്ങൾ വരുത്താൻ തയ്യാറായി. അങ്ങനെ മാറ്റം വരുത്തിയതോടുകൂടി ഓതി ഓതി ഉള്ള പെട്ടിയും പോയി എന്ന് പറഞ്ഞതുപോലെ അന്നത്തെ അവസരവും നഷ്ടപ്പെട്ടു. എന്റെ രണ്ട് ബില്ലുകൾ ഈ സഭയുടെ മുമ്പാകെ ഉണ്ട്. ഒന്ന്, 1991-ലേതും മറേത് 1992-ലേതുമാണ്. രണ്ടിന്റേയും ഉദ്ദേശമെന്താണെന്ന് സഭയിൽ പറയാൻ കഴിഞ്ഞിട്ടില്ല. ഈ സഭാസമ്മേളനം അവസാനിപ്പിക്കുന്നതോടുകൂടി എല്ലാ ബില്ലുകളും കാലഹരണപ്പെടും. ഒമ്പതാം കേരള നിയമസഭ അവസാനിക്കാൻ പോകുകയാണ്. ഇങ്ങനെ കഷ്ടപ്പെട്ട് ബില്ലുകൾ തയ്യാറാക്കി സഭയിൽ നോട്ടീസ് കൊടുത്തിട്ട് എന്താണ് പ്രയോജനം? പാർലമെന്റിൽ അവതരിപ്പിക്കുന്ന രീതി മറ്റൊന്നാണ്. ഇവിടെ അംഗീകരിച്ചത് വേറൊരു രീതിയാണ്. പാർലമെന്റിലെ സമ്പ്രദായം തുടരണമെന്ന് ഞാൻ പറയുന്നില്ല. മെമ്പർമാർ ബില്ലിന് നോട്ടീസ് കൊടുത്താൽ എന്താണ് ആ ബിൽകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സഭയിൽ പറയാനുള്ള അവസരമെങ്കിലും ഉണ്ടാകണം. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമായി അങ്ങ് കാണണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. വെള്ളിയാഴ്ച ദിവസം പന്ത്രണ്ടര മണിക്ക് സഭ പിരിയും. ആ നിലയിൽ കക്ഷിനേതാക്കളുമായി ചർച്ചചെയ്തു അനൗദ്യോഗികാംഗങ്ങളുടെ ദിനം വെള്ളിയാഴ്ച എന്നതു മാറ്റി മറ്റൊരു ദിവസമാക്കിയാൽ കുറേക്കൂടി സമയം അതിന് എടുക്കാൻ കഴിയും. ആ തരത്തിൽ മെമ്പർമാരെ രക്ഷിക്കുന്നതിനുവേണ്ടി ബിൽ അവതരണം ഒരു പ്രഹസനമാക്കി മാറ്റാതിരിക്കുന്നതിന് അങ്ങ് ആലോചിക്കണം. ഇരുപത്തൊമ്പതോളം ബില്ലുകൾ സഭ മുമ്പാകെ ഇപ്പോൾ ഉണ്ട്. അത് ഗൗരവമായി എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഒമ്പതാം കേരള നിയമസഭയിലെ പ്രത്യേകത ധാരാളം മെമ്പർമാർ സ്വന്തമായിൻ എടുത്ത് അനൗദ്യോഗിക ബില്ലുകൾ കൊണ്ടുവന്നു എന്നുള്ളതാണ്. ഈ കാര്യത്തെക്കുറിച്ച് ഒരു തവണ ഇവിടെ പറഞ്ഞപ്പോൾ ഇതിനുവേണ്ടി ഒരു ദിവസം വേണമെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കാമെന്ന ഒരു ധാരണയാണ് ഉണ്ടായിരുന്നത്. ഏതായാലും ഈ സഭയുടെ കാലാവധി തീരാൻ പോകുകയാണ്. വരാൻ പോകുന്ന സഭയിലെങ്കിലും ഇത്തരം അനുഭവം ഉണ്ടാകാതിരിക്കാൻ ഒരു വ്യക്തമായ റൂളിംഗ് ഉണ്ടാകുന്നത് നല്ലതാണെന്ന് തോന്നുന്നു

X. റൂളിംഗ്

മി. സ്പീക്കർ: അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾ സഭ മുമ്പാകെ വരുന്നതിനും യഥാർഹം ചർച്ച ചെയ്യുന്നതിനും, ആവശ്യമായ സമയം സിദ്ധിക്കുന്നില്ലെന്ന കാര്യം ഇവിടെ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടു. കേരള സംസ്ഥാനം രൂപീകരിച്ച ശേഷം പുതിയ നടപടി ചട്ടങ്ങൾക്ക് രൂപം നൽകുന്നതിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ കമ്മിറ്റി നിർമ്മിച്ച ചട്ടങ്ങൾ 1960 സെപ്റ്റംബർ 19-ാം തീയതി ഈ സഭ ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികളോടെ അംഗീകരിക്കുകയുമാണുണ്ടായത്. 1961 ജനുവരി 3-ന് നിലവിൽവന്നതും കാലാകാലം ഭേദഗതി ചെയ്തതുമായ ഇപ്പോഴത്തെ ചട്ടപ്രകാരം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് വെള്ളിയാഴ്ച ദിവസമാണ് നീക്കിവച്ചിട്ടുള്ളത്. അപ്രകാരം കഴിഞ്ഞ 35 വർഷങ്ങളായി വെള്ളിയാഴ്ച ദിവസങ്ങളിലാണ് അനൗദ്യോഗികാംഗങ്ങളുടെ കാര്യം സഭ നടത്തുന്നത്. അനൗദ്യോഗിക ബില്ലുകൾക്ക് അർഹിക്കുന്ന സമയവും പ്രാധാന്യവും കിട്ടുന്നില്ല എന്നു ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ മറ്റുപല ഇന്ത്യൻ സഭകളിലും നിലവിലുള്ളതുപോലെ ഒന്നിടവിട്ട വെള്ളിയാഴ്ചകൾ അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകൾക്കും അവരുടെ പ്രമേയങ്ങൾക്കുമായി യഥാക്രമം എന്റെ മുൻഗാമി മുൻഗണനയും കൊടുത്തു.

വെള്ളിയാഴ്ച പന്ത്രണ്ടര മണിക്കും മറ്റു ദിവസങ്ങളിൽ ഒന്നര മണിക്കും ആണ് സഭ പിരിയുന്നത്. ആയതിനാൽ അനൗദ്യോഗികാംഗങ്ങളുടെ ദിവസം വെള്ളിയാഴ്ചയിൽനിന്ന് മറ്റേതെങ്കിലും ദിവസത്തേക്കു മാറ്റുന്നപക്ഷം ഗവൺമെന്റ് ബിസിനസ്സിനു ഒരു മണിക്കൂർ കുറവു വരുന്ന സാഹചര്യം സംജാതമാകും. അതുകൊണ്ട് കക്ഷി നേതാക്കൻമാർ കൂടിയാലോചിച്ച് അഭിപ്രായ ഐക്യം ഉണ്ടാക്കി നിയമസഭാ നടപടി ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തി അനൗദ്യോഗികാംഗങ്ങളുടെ കാര്യം മറ്റൊരു ദിവസത്തേക്ക് മാറ്റുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്. അതുവരെ ഇന്നുള്ള നടപടി ക്രമങ്ങൾ തന്നെ തുടരാനേ സാധിക്കൂ.

XI. നിയമ നിർമ്മാണകാര്യം

1996-ലെ കേരള (പട്ടികജാതി-പട്ടികവർഗ്ഗ) ജാതി സർട്ടിഫിക്കറ്റ് നൽകൽ റഗുലേഷൻ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, 1996-ലെ കേരള (പട്ടികജാതി-പട്ടിക വർഗ്ഗ) റഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly